**Deepika**

**18 July 2018**

**Kottayam, Flood, Relief  Works, INFAM**



# ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഇൻഫാം നേതൃത്വം നൽകും

**കോട്ടയം:** മഴക്കെടുതിയെ നേരിടാനുള്ള ദുരിതാശ്വാസ പ്രവർത്തനങ്ങൾക്ക് ഇൻഫാമിന്റെ എല്ലാ അംഗങ്ങളും പ്രവർത്തനസജ്ജരാകണമെന്ന് ഇൻഫാം ദേശീയ രക്ഷാധികാരിയും കാഞ്ഞിരപ്പള്ളി രൂപതാധ്യക്ഷനുമായ മാർ മാത്യു അറയ്ക്കൽ. ഇൻഫാമിന്റെ യൂണിറ്റ്, ഗ്രാമ, ഏരിയ, മേഖല കാർഷിക ജില്ലാ, സംസ്ഥാന, ദേശീയ നേതൃത്വങ്ങൾ ഇതിനായി മുന്നോട്ടുവരണം.

ദുരിതമനുഭവിക്കുന്നവർക്കു ഭക്ഷണം, മരുന്ന്, വസ്ത്രം, പാർപ്പിട സൗകര്യങ്ങൾ എന്നിവ ക്രമീകരിക്കണം. കർഷകപ്രസ്ഥാനങ്ങളും പൊതുസമൂഹവും സഹകരിച്ചുള്ള നീക്കങ്ങൾക്ക് ഇൻഫാം മുൻകൈ എടുക്കും. സർക്കാർ സംവിധാനങ്ങളുടെ സേവനങ്ങൾ ദുരന്തമേഖലയിലെ ജനങ്ങളിലെത്തിക്കുവാൻ പ്രാദേശികതലത്തിൽ ഇടപെടൽ നടത്തണമെന്നും മാർ അറയ്ക്കൽ പറഞ്ഞു.